(എഫ്) ആനാട് ഫാർമേഴ്സ് സഹകരണ ബാങ്കിലെ 10 പേർ ശമ്പളയിനത്തിൽ 5,78,193/- രൂപയും കരകുളം സർവീസ് സഹകരണ ബാങ്കിലെ 8 പേർ 1,60,546/- രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(ജി) ഇവരുടെ നിയമനം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

(എച്ച്) മേൽപ്രകാരമുള്ള അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് അനധികൃത നിയമനമാണെന്ന് തെളിഞ്ഞാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

II. അടിയന്തിരപ്രമേയം

മി. സ്പീക്കർ : ഓർഡർ, ഓർഡർ,..... റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ശ്രീ.കെ.സി വേണുഗോപാൽ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഹരിപ്പാടിന് അടുത്ത പള്ളിപ്പാട് സതീഷ്കുമാറിന്റെ മരണം സംബന്ധിച്ചാണ് നോട്ടീസ് നൽകിയത്. ആ വിഷയം സംബന്ധിച്ച് ഹരിപ്പാട് എം.എൽ.എ ആയ പ്രൊഫസർ എ.വി താമരാക്ഷന്റെ ഒരു നോട്ടീസും ലഭിച്ചിട്ടുണ്ട്. സംഭവത്തിന്റെ പ്രാധാന്യം കുറച്ചു കാണാതെ തന്നെ ചെയർ ഇക്കാര്യം പരിശോധിച്ചു റൂൾ 50 ന്റെ സ്കോപ്പിൽ വരുന്ന ഒരു സംഗതി അല്ല ഇതെന്നാണ് മനസ്സിലായത്. റൂൾ 50 ആകുമ്പോൾ അതിന് അർജന്റ് പബ്ലിക്ക് ഇമ്പോർട്ടൻസ് ഉണ്ടാകണം. സ്പെസിഫിക് മാറ്റർ ആയിരിക്കണം, recent occurance- ഉം വേണം. ഇവയിലൊന്നും ഉൾപ്പെടാത്ത വിഷയമായതിനാൽ റൂൾ 50 അനുസരിച്ച് ഇത് ഉന്നയിക്കാൻ ചട്ടം അനുവദിക്കില്ല. എന്നിരുന്നാലും ഇതൊരു പ്രധാന വിഷയമായി ഉന്നയിക്കാൻ അവസരം നൽകാം.....(ബഹളം)..... മി. സ്പീക്കർ : അത് ഉന്നയിക്കാം.....അവസരം തരാം..... ബഹളം..... yes, ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്.....(ബഹളം)..... ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്.....(ബഹളം).....അത് ഉന്നയിക്കാം.....(ബഹളം).....ഉന്നയിക്കാമെന്ന് പറഞ്ഞല്ലോ. ഉന്നയിക്കാം. ഉന്നയിക്കാൻ അവസരം തരാം. പ്രധാന സബ്മിഷനായിട്ട് ഉന്നയിക്കാം. ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്..... (ബഹളം) പ്ലീസ്, പ്ലീസ്സ്.....(ബഹളം). ഒരു മാസത്തിനു മുൻപ് നടന്ന ഒരു സംഭവമാണ്.....ബഹളം..... ശ്രീ. ഇ.എം. അഗസ്തി..... ശ്രദ്ധക്ഷണിക്കൽ....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ആളിനെ വഴിയിലിട്ട് ചവിട്ടി കൊല്ലുകയാണ്, അത് അവതരിപ്പിക്കണ്ടേ? പിന്നെ അടിയന്തിര പ്രമേയത്തിന്റെ പ്രാധാന്യമെന്താണ്?

മി. സ്പീക്കർ : Please hear me ശ്രീ. ഇ.എം. അഗസ്തി.....(ബഹളം).....

ശ്രീ. ജോണി നെല്ലൂർ : വഴിയിലിട്ട് ചവിട്ടി കൊല്ലുകയാണ്. അത് ചോദിക്കുവാനും പറയാനും ആൾ ഇല്ലേ?.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. എം. അഗസ്തി.....(ബഹളം)..... ഉന്നയിക്കാമല്ലോ. ഒരു മാസത്തിനുമുൻപ് നടന്ന സംഭവമാണ്. ഒരുമാസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മുൻപുണ്ടായ സംഭവമാണ്. (ബഹളം).....പ്ലീസ്, പ്ലീസ്സ്.....ബഹളം..... പ്ലീസ്, പ്ലീസ്.....(ബഹളം).....

ശ്രീ. പാലോട് രവി : ഇതിനെക്കുറിച്ചു ചർച്ച ചെയ്തില്ലെങ്കിൽ അത് അപമാനമാണ്.

മി. സ്പീക്കർ : Please hear me.....(ബഹളം) പ്ലീസ്, പ്ലീസ്, Please hear me, ശ്രീ. കെ.എം. മാണി, പ്ലീസ്, Please hear me ഞാൻ പറയുന്നത് കേൾക്കുന്നില്ലേ? ഞാൻ പറയുന്നത് അങ്ങ് കേൾക്കു..... (ബഹളം)... ഞാൻ പറയുന്നത് കേൾക്കു, ഈ വിഷയം.... ബഹളം... പറയുന്നത് കേൾക്കുക, ഈ വിഷയം സംബന്ധിച്ചു അടിയന്തിര പ്രമേയത്തിനു നോട്ടീസ് കിട്ടിയതാണ്. അത് പരിശോധിച്ചിട്ട് ഒരു അഭിപ്രായമാണ് ഞാൻ ഇവിടെ പ്രകടിപ്പിച്ചത്. ഇത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള വിഷയമല്ല. ഇപ്പോൾ..... ബഹളം....അല്ല ഞാൻ പറയുകയല്ലേ, ചെയറിന്റെ പരിശോധനയിൽ, എന്റെ ഡിസ്ക്രീഷൻ അനുസരിച്ചു ഞാൻ അഭിപ്രായം പ്രകടിപ്പിച്ചതാണ്. പക്ഷെ അത് ഇത്രയും.....ബഹളം.....Please hear me. പറഞ്ഞത് കംപ്ലീറ്റ് ചെയ്യട്ടെ,...Let me complete.....(ബഹളം).....ഒരു വാചകം പറയുന്നതിനു മുൻപ് ഒരു വാക്ക് കേട്ടിട്ടു കേറി പുറപ്പെട്ടാൽ പറ്റുമോ?.....(ബഹളം)..... ഏതായാലും ഇത് (ബഹളം)..... അടിയന്തിര പ്രമേയത്തിന്റെ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പരിശോധിച്ചിട്ട് എന്റെ അഭിപ്രായം ഇവിടെ പ്രകടിപ്പിച്ചതാണ്. അതിന് ഇത്രയും ഒരു വികാരം.....(ബഹളം)..... പ്ലീസ്, ഞാൻ ആ കാര്യം കംപ്ലീറ്റ് ചെയ്യട്ടെ..... (ബഹളം)..... എന്നെ ഒന്ന് കംപ്ലീറ്റ് ചെയ്യാൻ അനുവദിക്കുക, ഞാൻ പറഞ്ഞതു മുഴുവൻ കേട്ടതിനു ശേഷം പറയുക. അതിൽ ഇപ്പോൾ ഇന്നോ, ഇന്നലെയോ, അടുത്ത ദിവസമോ ഉണ്ടായ പ്രശ്നമെന്നുള്ള നിലയിൽ അല്ലല്ലോ, ഏതായാലും ഞാൻ ഒരു അഭിപ്രായം പറഞ്ഞു. പ്രതിപക്ഷത്തിന്റെ വികാരം ഞാൻ മനസ്സിലാക്കി- അത് ഞാൻ പരിശോധിക്കാം. പക്ഷെ ഇന്ന് സഭാ നടപടികൾ നടക്കട്ടെ..... (ബഹളം).....

ശ്രീ. പാലോട് രവി : ഈ പ്രശ്നം ചർച്ച ചെയ്യാതെ സഭാ നടപടികൾ നടക്കില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ.എ.കെ.ആന്റണി) : സർ, അങ്ങ് കേവലം സാങ്കേതികത്വത്തിൽ മാത്രം ഈ പ്രശ്നം കാണരുത്. ഒരു മദ്യവിരുദ്ധ പ്രവർത്തകനെ ചവിട്ടിക്കൊല്ലുക, അതിൽ പ്രതിഷേധിച്ചു ആ പ്രവർത്തകന്റെ പിതാവിനെ കള്ളക്കേസിൽ കുരുക്കി അറസ്റ്റ് ചെയ്യുക. ഇത്ര ക്രൂരമായ നടപടി ഈ സഭ ചർച്ച ചെയ്തില്ലെങ്കിൽ ഈ സഭയുടെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായമായിരിക്കും. അത് ഈ സഭയ്ക്ക് നാണക്കേടായിരിക്കും. എല്ലാക്കാലത്തും ഈ സഭയുടെ ചരിത്രത്തിൽ അതൊരു കറുത്ത പുള്ളിയായി കിടക്കും. അതുകൊണ്ട് ഈ കാര്യം ചർച്ച ചെയ്യണം. അങ്ങ് ദയവ് ചെയ്ത് ഈ പ്രശ്നം ഒരു സാങ്കേതിക പ്രശ്നമായി കാണരുത്. ഇത് കേരളത്തിന്റെ പൊതുവികാരമാണ്. ഈ നൂറ്റാണ്ടിന്റെ അവസാനത്തെ ഈ സഭാ സമ്മേളനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തില്ലെങ്കിൽ ഈ സഭയ്ക്ക് എല്ലാക്കാലത്തും, ചരിത്രത്തിൽ ഒരു കറുത്ത പുള്ളിയായി കിടക്കും. അതുകൊണ്ട് അങ്ങയുടെ ഈ കാലഘട്ടത്തിൽ അങ്ങനെ ഒരദ്ധ്യായം എഴുതിച്ചേർക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : അത് പരിശോധിക്കാം എന്നു പറഞ്ഞല്ലോ.... (ബഹളം)..... ഞാൻ പരിശോധിക്കാം എന്നു പറഞ്ഞതിനെ സംബന്ധിച്ചു പ്രതിപക്ഷ നേതാവിനു എന്താണ് പറയാനുള്ളത്?.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, നമുക്ക് ഈ സഭ തൽക്കാലത്തേക്ക് നിർത്തി വയ്ക്കാം. എന്നിട്ട് കക്ഷി നേതാക്കൻമാരുമായിട്ട് ചർച്ച ചെയ്യാം. എന്നിട്ട് പരിശോധിക്കാം.

മി. സ്പീക്കർ : സഭ നിർത്തിവയ്ക്കേണ്ടി വരുന്നത് ഇത്തരം കാര്യങ്ങൾക്ക് വേണ്ടിയല്ല. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ, അല്ലെങ്കിൽ ട്രഷറി ബഞ്ചും ഒപ്പോസിഷനും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുമ്പോഴാണ് ഇത് ചെയറിന്റെ ഡിസ്ക്രീഷനാണ്....ബഹളം....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : സർ. ഞാൻ സ്പീക്കറുടെ അഭിപ്രായത്തോട് യോജിക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞത് സ്പീക്കറുടെ അഭിപ്രായത്തോട് യോജിക്കുകയാണ് എന്നാണ്.....(ബഹളം).....

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇത് അങ്ങയോടുള്ള ബഹുമാനക്കുറവല്ല. ഈ പ്രശ്നം അത്ര ഗുരുതരവും കേരളത്തിലെ മുഴുവൻ ജനങ്ങളും ഉറ്റുനോക്കുന്നതുമാണ്. എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്, ഈ സഭ നിറുത്തിവച്ച് അങ്ങുതന്നെ ഈ പ്രശ്നം ഒന്നുകൂടി പരിശോധിക്കണമെന്നാണ്. അങ്ങേയ്ക്ക് ഡിസ്ക്രീഷനറി പവറുണ്ട്. അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് ആലോചിക്കാം. ഈ പ്രശ്നം ഇന്ന് ചർച്ച ചെയ്തില്ലെങ്കിൽ അത് ഈ സഭയ്ക്ക് എന്റെ അഭിപ്രായത്തിൽ എല്ലാക്കാലത്തും ഒരു തീരാക്കളങ്കമായിരിക്കും.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, എനിക്കും അഭിപ്രായം പറയാമല്ലോ? ഈ പ്രശ്നം പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള പ്രശ്നമല്ല. ഈ പ്രശ്നം അടിയന്തിര പ്രമേയമായി അവതരിപ്പിക്കുന്നതിനു വേണ്ടി പ്രതിപക്ഷത്തുനിന്നും വന്നപ്പോൾ..... (ബഹളം)..... ഞാനൊന്നു പറഞ്ഞോട്ടെ. ഈ പ്രശ്നത്തിൽ സ്പീക്കറാണ് ഒരു തീരുമാനമെടുത്തത്. ആ തീരുമാനമാണ് പ്രതിപക്ഷം ചോദ്യം ചെയ്യുന്നത്. അതിന്റെ പേരിൽ സഭ നിറുത്തി വയ്ക്കേണ്ട ആവശ്യമില്ലെന്ന് സ്പീക്കർതന്നെ പറഞ്ഞു. ഈ പ്രശ്നം ആലോചിക്കുന്നതാണ് എന്ന്. ഒരു ജനാധിപത്യ പ്രതിപക്ഷം എന്ന നിലയിൽ സ്പീക്കർ പറഞ്ഞത് അംഗീകരിച്ചുകൊണ്ട് സഭ തുടർന്ന് കൊണ്ടുപോകാൻ അവസരം ഉണ്ടാക്കുകയാണ് ഒരു ക്രിയാത്മകമായ പ്രതിപക്ഷത്തിന്റെ ധർമ്മം. നിങ്ങൾ അത് അനുസരിക്കണം.... (ബഹളം).....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, റൂൾ 50 അനുസരിച്ചു ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് കിട്ടി. അങ്ങയുടെ subject to satisfaction ആണ് ക്വസ്റ്റ്യൻ. അല്ലാതെ ഇത് പ്രതിപക്ഷത്തുനിന്നുമുള്ള..... അങ്ങയുടെ റൂളിംഗ് ചോദ്യം ചെയ്തുകൊണ്ടാണ് ഈ ബഹളം. അങ്ങ് റൂൾ ചെയ്തു..... (ബഹളം).....

മി. സ്പീക്കർ : മുഖ്യമന്ത്രി സ്പീക്കറുടെ തീരുമാനത്തിന് വിട്ടു. അത് അദ്ദേഹം പറഞ്ഞു. ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ. നമ്മൾ ചട്ടവും നടപടിക്രമങ്ങളുമൊക്കെ അനുസരിച്ച് മുന്നോട്ടു പോകുന്നവരാണല്ലോ. ഞാൻ വീണ്ടും പരിശോധിച്ചു. ഞാൻ ഒരു ആത്മ പരിശോധന ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്.....(ബഹളം)..... ഞാൻ ഒരു കാര്യം പറയട്ടെ. അടിയന്തിര പ്രമേയത്തിന്റെ പ്രാധാന്യം എത്ര വലുതാണെന്നുള്ളത് ഞാൻ പറയേണ്ടതില്ല. അടിയന്തിര പ്രമേയത്തിന്റെ പ്രാധാന്യം സഭാ നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. സഭ ഇന്നലെ സമ്മേളിച്ചു. ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളിച്ച സഭയിൽ..... (ബഹളം)..... ഞാൻ ഒരു കാര്യം കൂടി പറയട്ടെ. ഇന്നലെ ഈ സഭ സമ്മേളിച്ചു. ഈ വിഷയം സംബന്ധിച്ച പ്രമേയം വരേണ്ടത് ഇന്നലെയാണ്. ഞാൻ എന്റെ ഭാഗത്തു നിന്നും പറയുകയാണ്..... (ബഹളം)..... ഇന്നലെ സഭ സമ്മേളിച്ച സമയത്ത് ആ നിയോജക മണ്ഡലത്തിലെ എം.എൽ.എ പ്രൊഫ.എ.വി.താമരാക്ഷൻ.....(ബഹളം).....ഞാൻ പറയുന്നതു കേൾക്കൂ. ഇന്നലെ ഒരംഗം, ഉദാഹരണത്തിന് പ്രൊഫ. എ.വി. താമരാക്ഷൻ ഇത് ഒരു സബ്മിഷനായി തന്നിരുന്നുവെങ്കിൽ ഇന്നുന്നയിക്കാൻ കഴിയുമോ? എന്റെ ചോദ്യം.....(ബഹളം)..... പ്രതിപക്ഷ നേതാവ് അവസാനം പെയറിനു മുൻപിൽ വച്ച് ഒരു നിർദ്ദേശം. സഭ നിർത്തിവച്ച് തീരുമാനം എടുക്കണമെന്നാണ്. ചെയറിനു ഒരു തീരുമാനമെടുക്കാൻ സഭ നിർത്തിവയ്ക്കേണ്ടതായിട്ടില്ല. സഭയുടെ സമയം അങ്ങനെ നഷ്ടപ്പെടുത്തേണ്ടതില്ല. ചെയർ തീരുമാനം എടുക്കാം. അതുകൊണ്ട് ഇത് അടിയന്തിര പ്രമേയമായിട്ട് ഇവിടെ ഉന്നയിക്കുവാൻ അനുവാദം നൽകുന്നു. കാര്യം മുഖ്യമന്ത്രിയുടെ വിശദീകരണത്തിന് ശേഷം തീരുമാനിക്കും.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ബഹുമാനപ്പെട്ട ചെയറിനോട് ഒരു ചോദ്യം, ബഹളം കൂട്ടിയാൽ അനുവദിക്കുമോ?

മി. സ്പീക്കർ : സഭാനടപടികൾ നടക്കാൻ വേണ്ടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : എന്നാൽപ്പിന്നെ ഇപ്പുറത്തും ബഹളം കൂട്ടിയാൽ അത് വേണ്ടായെന്ന് വയ്ക്കാമല്ലോ. ബഹളം കൂട്ടിയാൽ അനുവദിക്കുമെങ്കിൽ വേണ്ടായെന്നു വയ്പിക്കാമല്ലോ.....(ബഹളം).....പിന്നല്ലാതെ.... കാണിച്ചത് റൗഡീസമല്ലേ? വൃത്തികേടല്ലേ? ഞാൻ അതിനോടു യോജിക്കുന്നില്ല. ബഹളം കൂട്ടുകയാണെങ്കിൽ ഇപ്പുറത്തും ബഹളം കൂട്ടാം. അപ്പുറത്തും ബഹളം കൂട്ടാം. അസംബ്ലി എങ്ങനെ നടത്തണമെന്ന് പിന്നെ തീരുമാനിച്ചാൽ മതി. ബഹളം കൂട്ടുകയാണെങ്കിൽ ഇപ്പുറത്തും കൂട്ടാം. എ. കെ.ആന്റണി അപ്പുറത്ത് ഇരുന്നാൽ പോരല്ലോ. എന്താ ഇയാളുടെ ജനാധിപത്യം. ഇതാണോ ജനാധിപത്യം. ഞങ്ങളെല്ലാം ഇറങ്ങുകയാണ് താഴേയ്ക്ക്...വേണ്ട... അസംബ്ളി പിരിച്ചുവിട്. ആര്യാടനു ആവശ്യം അസംബ്ലി പിരിച്ചു വിടുകയല്ലെ. അത് നടക്കുകയില്ല. അസംബ്ളി പിരിച്ചുവിടൽ നടക്കുകയില്ല. ബഹളം കൂട്ടിയാൽ സമ്മതിക്കുമെങ്കിൽ ഞങ്ങളും ബഹളം കൂട്ടും. ഞാൻ മറുപടിയും പറയുകയില്ല.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....റൂൾ 50

അടിയന്തിര പ്രമേയം

മദ്യവിരുദ്ധ പ്രവർത്തകൻ സതീഷ്കുമാറിന്റെ മരണത്തെ തുടർന്നുള്ള സംഭവവികാസങ്ങൾ

മി. സ്പീക്കർ : ഹരിപ്പാടിനടുത്തുള്ള പള്ളിപ്പാട് സതീഷ് കുമാർ കൊല ചെയ്യപ്പെട്ടതിനെത്തുടർന്ന് ആലപ്പുഴ ജില്ലയിലാകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ.കെ.സി വേണുഗോപാൽ, ചെർക്കളം അബ്ദുള്ള, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്..... ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly